KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 12404 തിയ്യതി : 16/06/2021

## സർക്കുലർ നമ്പർ 53/ 2021 (BD)

വിഷയം : കോവിഡ് 19 – ഏജന്റുമാർക്കും അപ്രൈസർമാർക്കും സമാശ്വാസം നൽകുന്നത് സംബന്ധിച്ച്.

സൂചന : 1. 21/04/2020 തീയതിയിലെ സർക്കുലർ നമ്പർ 20/2020 (BD).

2. 29/05/2020 തീയതിയിലെ എല്ലാ ശാഖാ മാനേജർമാർക്കും നൽകിയ 12404 നമ്പർ കത്ത്.

********

കോവിഡ്– 19 വ്യാപനത്തിന്റെ രണ്ടാം ഘട്ടം നേരിടുന്നതിനായി സർക്കാർ വീണ്ടും ലോക്ക്ഡൗൺ നടപ്പാക്കുകയുണ്ടായി. ലോക്ക്ഡൗൺ കാലയളവിൽ ചിട്ടികൾ അടയ്ക്കുവാനോ മേല നടപടികൾ സമയബന്ധിതമായി നടപ്പാക്കുവാനോ സാധിച്ചിട്ടില്ല. ഇതുമൂലം കെ.എസ്.എഫ്.ഇ ഏജന്റുമാരുടേയും അപ്രൈസർമാരുടേയും ദൈനംദിന പ്രവർത്തനത്തിൽ തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത് ചിട്ടി പിരിവ് അനുവദിക്കാത്തതിനാൽ ഡോർ കളക്ഷൻ, ക്യാൻവാസിങ്ങ് മുതലായ ഏജന്റുമാരുടെ ഉപജീവന മാർഗ്ഗങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

ഏജന്റുമാരുടേയും അപ്രൈസർമാരുടേയും സംഘടനകൾ വീണ്ടും സമാശ്വാസം നൽകുന്നതിനായി കമ്പനിയോട് അഭ്യർത്ഥിക്കുകയുണ്ടായി. ആയതിനാൽ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് താഴെപ്പറയുന്ന സമാശ്വാസ നടപടി ഏജന്റുമാർക്കും ഡോർ കളക്ഷൻ-കം-ക്യാൻവാസിങ്ങ് ഏജൻറുമാർക്കും ഗോൾഡ് അപ്രൈസർമാർക്കും ഏർപ്പെടുത്താൻ കമ്പനി തീരുമാനിച്ചിരിക്കുന്നു. ഏജന്റ് / അപ്രൈസർ റിലീഫ് അഡ്വാൻസ് എന്ന് പേരിട്ട ഈ പദ്ധതി സക്രിയരായ ഏജൻറുമാർക്കും ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അപ്രൈസർമാർക്കുമാണ് ലഭ്യമാകുക.

1. ഓരോ ശാഖയിലും സക്രിയരായ ഏജന്റുമാർ/ഡോർ കളക്ഷൻ-കം-ക്യാൻവാസിങ്ങ് ഏജന്റുമാർ 2020-21 സാമ്പത്തിക വർഷത്തിൽ പ്രതിഫലമായി പ്രതിമാസം വാങ്ങിയ ശരാശരി കമ്മീഷന്റെ **50%** അല്ലെങ്കിൽ **10000/- രൂപയോ** , ഏതാണോ കുറവ്, അത്രയും തുക അഡ്വാൻസ് ആയി ഈ പദ്ധതി പ്രകാരം അവർക്ക് വിതരണം ചെയ്യാവുന്നതാണ്.

2. അതുപോലെ തന്നെ 2020 - 21 സാമ്പത്തിക വർഷത്തിൽ പ്രതിമാസ ശരാശരി അപ്രൈസർ ചാർജ്ജായി കൈപ്പറ്റിയ തുകയുടെ **50%** അല്ലെങ്കിൽ **10,000/- രൂപയോ** ഏതാണോ കുറവ് അത് ഗോൾഡ് അപ്രൈസർമാർക്കും അഡ്വാൻസ് ആയി അനുവദിക്കാവുന്നതാണ്.

3. മേൽപ്പറഞ്ഞ നിബന്ധന പ്രകാരം വിതരണം ചെയ്യുന്ന അഡ്വാൻസ് തുക തൊട്ടടുത്ത ആയിരം രൂപയിലേയ്ക്ക് റൗണ്ട് ചെയ്യാവുന്നതാണ് ( പരമാവധി 10,000/- രൂപ ).

4. 2021 ജൂലായ് മാസം മുതൽ 2022 ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ ഓരോ ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാരുടെ/ഡോർ കളക്ഷൻ-കം-ക്യാൻവാസിങ്ങ് ഏജൻറുമാരുടെ കമ്മീഷനിൽ നിന്നും/ഗോൾഡ് അപ്രൈസർമാരുടെ അപ്രൈസർ ചാർജ്ജിൽ നിന്നും 10 തത്തുല്യ ഗഡുക്കളായി ഈ അഡ്വാൻസ് തിരിച്ചു പിടിക്കേണ്ടതാണ്.

5. അഡ്വാൻസ് തുക വിതരണം ചെയ്യുമ്പോൾ താഴെക്കാണുന്ന മാതൃകയിൽ ഏജന്റുമാരിൽ നിന്നും ഗോൾഡ് അപ്രൈസമാരിൽ നിന്നും സമ്മതപത്രം എഴുതി വാങ്ങേണ്ടതാണ്.

## <u>സമ്മതപത്രം</u>

" കെ.എസ്.എഫ്.ഇ ......................... ശാഖയിൽ ക്യാൻവാസിങ്ങ്, ഡോർകളക്ഷൻ-കം-ക്യാൻവാസിങ്ങ് ഏജൻറ് / ഗോൾഡ് അപ്രൈസർ ആയി പ്രവർത്തിക്കുന്ന............................. (പേരും വിലാസവും ) എന്ന ഞാൻ കോവിഡ് - 19 സമാശ്വാസ നടപടികളുടെ ഭാഗമായി, ഇന്ന്---------തിയ്യതി ....... രൂപ അഡ്വാൻസ് ആയി കൈപ്പറ്റിയിരിക്കുന്നു. പ്രസ്തുത സംഖ്യ 2021 ജൂലായ് മാസം മുതൽ 2022 ഏപ്രിൽ മാസം വരെയുള്ള 10 മാസക്കാലയളവിൽ ഓരോ മാസത്തിലും തുല്യ ഗഡുക്കളായി എന്റെ കമ്മീഷനിൽ നിന്നും ഈടാക്കാവുന്നതാണ്. ഓരോ മാസവും ഗഡുക്കളായി അടയ്ക്കേണ്ട സംഖ്യയിൽ കുറവു വരുന്ന പക്ഷം പ്രസ്തുത സംഖ്യ അതാത് മാസം ഞാൻ തിരിച്ചടക്കുന്നതാണ് എന്ന് ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു. തിരിച്ചടവിൽ വീഴ്ച വരുന്ന പക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ എനിക്ക് എതിരെ കമ്പനിയ്ക്ക് സ്വീകരിക്കാവുന്നതാണ്. "

എന്ന്

(ഒപ്പ് )

...................... (ഏജന്റിന്റെ / അപ്രൈസറുടെ പേര് )

6. ഏജന്റോ ഗോൾഡ് അപ്രൈസറോ ആയ ഒരു വ്യക്തിക്ക് ഇത്തരത്തിലുള്ള **ഒരു** അഡ്വാൻസിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
7. 2021 മാർച്ചിൽ ചുരുങ്ങിയത് ഒരു കൊല്ലമെങ്കിലും പൂർത്തിയാക്കിയ , ശാഖാ മാനേജരുടെ കാഴ്ചപ്പാടിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഏജന്റ് / അപ്രൈസർമാരെ മാത്രമേ മേൽ അഡ്വാൻസിന് അർഹതയുള്ളവരായി പരിഗണിക്കുകയുള്ളൂ.
8. തിരിച്ചടവ് തുക 2021 ജൂലായ് മാസം മുതൽ 2022 ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ ഓരോ മാസവും ഏജന്റുമാരുടെ / ഗോൾഡ് അപ്രൈസർമാരുടെ കമ്മീഷനിൽ / അപ്രൈസർ ചാർജ്ജിൽ നിന്ന് ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഒരു മാസത്തെ കമ്മീഷൻ / അപ്രൈസർ ചാർജ്ജ് തിരിച്ചടവു തുകയേക്കാൾ കുറവാണെങ്കിൽ ബാക്കി വരുന്ന സംഖ്യ അടക്കാൻ ഏജന്റുമാർ / അപ്രൈസർമാർ ബാധ്യസ്ഥരായിരിക്കും. ഇക്കാര്യം അഡ്വാൻസ് വിതരണം ചെയ്യുന്ന സന്ദർഭത്തിൽ തന്നെ അവരെ ബോധ്യപ്പെടുത്തേണ്ടതാണ്.
9. ഈ അഡ്വാൻസിനെ കുറിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഏജൻറുമാരെ / അപ്രൈസറെ ശാഖാ മാനേജർ അറിയിക്കേണ്ടതും ആവശ്യമുള്ളവർക്ക് മാത്രം അഡ്വാൻസ് അനുവദിക്കേണ്ടതുമാണ്.
10. ഏജന്റിന്റെ / അപ്രൈസറുടെ സുഗമ അക്കൗണ്ടിലേക്ക് നേരിട്ടോ ബാങ്ക് അക്കൗണ്ടിലേക്ക് Account Payee Cheque / NEFT വഴിയോ ഈ അഡ്വാൻസ് തുക മാറാവുന്നതാണ്.
11. മേൽ അഡ്വാൻസ് 2021 ജൂൺ 30 ന് മുമ്പ് വിതരണം ചെയ്യേണ്ടതാണ്.
12. <u>ഈ അഡ്വാൻസ് വീണ്ടും നൽകുമ്പോൾ മേൽ സൂചന **(2)** പ്രകാരം മുൻപ് നൽകിയ അഡ്വാൻസ് **2020** ജൂലായ് മുതൽ **2021** ഏപ്രിൽ വരെയുള്ള കാലയളവിൽ തിരിച്ചടവിൽ വീഴ്ച വരുത്താത്ത ഏജന്റ്/അപ്രൈസർമാരെ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.</u>
13. ഏജന്റ്/അപ്രൈസർ റിലീഫ് അഡ്വാൻസ് താഴെ പറയുന്ന ഹെഡ്ഡുകളിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.
    a) സ്പെഷ്യൽ അഡ്വാൻസ് (കോവിഡ് ) ക്യാൻവാസിങ്ങ് ഏജന്റ്/ഡോർകളക്ഷൻ കം ക്യാൻവാസിങ്ങ് ഏജന്റ് (3042)
    b) സ്പെഷ്യൽ അഡ്വാൻസ് (കോവിഡ് ) ഗോൾഡ് അപ്രൈസർ (3043)

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**<u>പകർപ്പ്</u>**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
3. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
4. **സർക്കുലർ ഫയൽ**
5. **MD യുടെ PA**
6. **എല്ലാ SDT ഓഫീസുകൾക്കും**